ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/1186/2025-S തീയതി.17-12-2025

**സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) 2025-26 സാമ്പത്തിക വർഷത്തെ അപേക്ഷ ക്ഷണിച്ചു.**

## വിജ്ഞാപനം

കേരള സംസ്ഥാനത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് (റിന്യൂവൽ) പുതുക്കുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

മുൻ വർഷങ്ങളിൽ ഈ സ്കീം പ്രകാരം സ്കോളർഷിപ്പ് ലഭിച്ചവരും ഈ അധ്യയന വർഷം (യഥാക്രമം രണ്ടാം വർഷം, മൂന്നാം വർഷം) കോഴ്സ് തുടരുന്നവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാൻ അർഹതയുള്ളത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5,000/ രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6,000/ രൂപ വീതവും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000/ രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000/ രൂപ വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നത്. സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/സർവ്വകലാശാല അംഗീകൃത ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥിനികൾ സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റ് സഹിതം ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. *www.mwdscholarship.kerala.gov.in* എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. 07.01.2026. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖ upload ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2300523, 0471-2300524, 0471-2302090 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**അപേക്ഷിക്കേണ്ട രീതി:**

Scanned with OKEN Scanner

1. www.mwdscholarship.kerala.gov.in– എന്ന വെബ് സൈറ്റിലെ "One-time registration"- ൽ ക്ലിക്ക് ചെയ്യുക.

2. യൂസർനെയിമും പാസ്സ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക

3. പ്രൊഫൈൽ പൂർണമായി രേഖപ്പെടുത്തുക

4. വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുക.

5. Apply for scholarship - ൽ ക്ലിക്ക് ചെയ്യുക.

6. Final submit & download print- യിൽ ക്ലിക്ക് ചെയ്യുക

<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.

2. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ് **(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).**

3. സെമസ്റ്റർ/വാർഷിക പരീക്ഷ പാസായതിന്റെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്/മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലെങ്കിൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം സമർപ്പിക്കേണ്ടതാണ്.

4. ഹോസ്റ്റൽ വിദ്യാർത്ഥിനികൾക്ക്. വിദ്യാർത്ഥി ഹോസ്റ്റലിൽ താമസിക്കുന്നുവെന്ന് വ്യക്തമാക്കുന്ന സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റ്.

5. വരുമാന സർട്ടിഫിക്കറ്റ്(വില്ലേജ് ആഫീസിൽ നിന്ന്)

<u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. (Verification)

2. സൂക്ഷ്മപരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (Approval)

3. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പ് വരുത്തണം. മുൻ വർഷത്തെ പരീക്ഷാഫലം വന്നിട്ടില്ലെങ്കിൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്. (സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിരിക്കുന്നു)

Scanned with OKEN Scanner

4. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകളും (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.

5. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം.

6. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേണ്ടതാണ്.

7. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ടോ തപാൽ മുഖാന്തിരമോ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിലേയ്ക്ക് എത്തിക്കേണ്ടതാണ്. വിലാസം. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33.

<u>അവസാന തീയതി</u>

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: 09.01.2026

2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി. 12.01.2026

3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. 14.01.2026

4. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ ശേഷം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. 17.01.2026

വിശ്വസ്തതയോടെ

SABIN SAMEED IAS
ഡയറക്ടർ

Signed by
Sabin Sameed
Date: 17-12-2025 15:33:20

Scanned with OKEN Scanner

**<u>സമ്മതപത്രം</u>**

ഞാൻ ..............................(പേര്) ...................................................... (ഐ.ഡി.നമ്പർ) .................................. വർഷം സി.എച്ച്. മുഹമ്മദ് കോയ സ്കോളർ ഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് (റിന്യൂവൽ) സ്കോളർഷിപ്പ് അപേക്ഷ സമർപ്പിക്കുന്നു. എന്റെ മുൻവർഷത്തെ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ലഭിക്കാത്തതിനാൽ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മാർക്ക് ലിസ്റ്റ് ലഭിക്കുമ്പോൾ എല്ലാ വിഷയവും വിജയിച്ചിട്ടില്ലെങ്കിൽ സ്കോളർഷിപ്പ് ഇനത്തിൽ കൈപ്പറ്റുന്ന തുക അടച്ച് കൈകൊള്ളാമെന്ന് ഞാൻ സമ്മതിക്കുന്നു.

**വിദ്യാർത്ഥിയുടെ പേര് : ഒപ്പ്**

**സ്ഥാപനമേധാവിയുടെ ഒപ്പ്**